സഹകരണ ബാങ്ക് വായ്പകൾ

92 (432) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകൾ നൽകുന്ന വായ്പകൾ സാമ്പത്തിക പരിഗണനകൾ നോക്കിയാണോ എന്ന് വ്യക്തമാക്കുമോ ? പാവപ്പെട്ട ജനങ്ങൾക്ക് സഹകരണ ബാങ്കുകൾ വായ്പ നൽകുന്നതിന് വിമുഖത കാണിക്കുന്നു. എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വിഷയം പരിഹരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ നിയമവിരുദ്ധ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സാധാരണക്കാരെ സഹായിക്കുവാൻ പാവപ്പെട്ടവർക്ക് നൽകുന്ന വായ്പകളിൽ പലിശ ഇളവ് നൽകാനും ജപ്തി നടപടികൾ ലഘൂകരിക്കുവാനും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഒരു ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകളും 50,000-രൂപ വരെയുള്ള കാർഷികേതര വായ്പകളും അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ നൽകാൻ നിലവിൽ വ്യവസ്ഥയുണ്ട്. സംഘങ്ങൾ നൽകിവരുന്ന മറ്റ് വായ്പകൾക്ക്, ടി വായ്പകൾക്ക് നിശ്ചയിച്ചിട്ടുള്ള ഈടും വായ്പക്കാരന്റെ തിരിച്ചടവ് ശേഷിയും പരിഗണിക്കാറുണ്ട്. സഹകരണ സംഘങ്ങൾ പാവപ്പെട്ട ജനങ്ങൾക്ക് വായ്പ നൽകുന്നതിന് വിമുഖത കാണിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്ന് നൽകുന്ന വായ്പകൾക്ക് 16% വരെ ഈടാക്കിയിരുന്ന പലിശ 1% കുറച്ച് പരമാവധി 15% ആയി നിജപ്പെടുത്തിയിട്ടുണ്ട്. സ്വർണ്ണപ്പണയ വായ്പ ഒരാൾക്ക് 25 ലക്ഷം രൂപയായും പലിശ നിരക്ക് പരമാവധി 12% ആയും നിജപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു.

നിലവിൽ ഉദാര വ്യവസ്ഥകളിലാണ് വായ്പകൾ നൽകി വരുന്നത്. ജപ്തി നടപടികൾ ലഘൂകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly